36. പനങ്ങട് സർവ്വീസ് സഹകരണ ബാങ്ക്
37. കിലയിക്കോട് സർവ്വീസ് സഹകരണ ബാങ്ക്
38. കൊട്ടക്കാട് സർവ്വീസ് സഹകരണ ബാങ്ക്
39. തിമിരി സർവ്വീസ് സഹകരണ ബാങ്ക്
40. കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക്
41. എഫ്.എ.സി.റ്റി. ക്രെഡിറ്റ് സഹകരണ സംഘം
42. അഴിക്കോട് സർവ്വീസ് സഹകരണ ബാങ്ക്
43. എടത്തിരിത്തി കിസാൻ സർവ്വീസ് സഹകരണ ബാങ്ക്
44. വെങ്ങപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക്
45. കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്ക്
46. സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്ക്

(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾക്കു വിപരീതമായി നിയമനങ്ങൾ നടത്തിയിട്ടുള്ള സംഘങ്ങൾക്കെതിരെ അതാത് ജോയിന്റ് രജിസ്ട്രാർമാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണവകുപ്പിൽ ഇൻഷ്വറൻസ് കമ്പനി പൊതുമേഖലയെ തകർക്കുമെന്ന പരാതി

96 (936) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ തുടങ്ങുന്ന ഇൻഷ്വറൻസ് കമ്പനി സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സഹകരണ മേഖലയിൽ ഇൻഷ്വറൻസ് കമ്പനി തുടങ്ങാനുള്ള തീരുമാനം പിൻവലിക്കുമോ ;

(സി) ഇൻഷ്വറൻസ് കമ്പനികൾ പൊതുമേഖലയിൽ നിന്നും മാറ്റുന്നതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ;

(ഡി) ഇൻഷ്വറൻസ് മേഖല സംസ്ഥാനത്ത് സ്വകാര്യവൽക്കരിക്കുന്നതിന് സർക്കാരിന്റെ ഈ നടപടി വഴി തെളിയിക്കും എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ സർക്കാർ ഇൻഷ്വറൻസ് വകുപ്പിനെ തകർക്കാൻ ഉതകുന്ന ഈ തീരുമാനത്തിൽ നിന്നും സഹകരണ വകുപ്പിനെ പിൻതിരിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സഹകരണമേഖലയിൽ സർക്കാർ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ഒരു ഇൻഷ്വറൻസ് കമ്പനിയല്ല ; മറിച്ച് ഒരു ഇൻഷ്വറൻസ് സഹകരണ സംഘമാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മേഖലകളെ ഇതിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ഇൻഷ്വറൻസ് രംഗം സ്വകാര്യവൽക്കരിച്ചിരിക്കുന്ന സാഹചര്യത്തിൽ ക്രിയാത്മകമായ സമീപനം മാത്രമാണ് ഇൻഷ്വറൻസ് സഹകരണസംഘത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇത് സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുകയില്ല.

(സി) പൊതുമേഖലയിൽ നിന്നും ഇൻഷ്വറൻസ് മാറ്റിയത് ശരിയായ നടപടിയല്ല. എന്നതാണ് സർക്കാരിന്റെ നിലപാട്.

(ഡി) സഹകരണമേഖലയിൽ ഇപ്രകാരം ഒരു സംഘം രൂപീകരിക്കുന്നതു സ്വകാര്യമേഖലയ്ക്കു എതിരായ ഒരു നടപടികൂടിയാണ്.

(ഇ) ചോദ്യം (ഡി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സഹകരണമേഖലയിൽ കെട്ടികിടക്കുന്ന പണം ചെലവഴിക്കാൻ നടപടി

97 (937) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു സഹകരണമേഖലയിൽ നീക്കിയിരുപ്പുള്ള തുക എത്ര ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാന ഖജനാവിലേയ്ക്ക് സഹകരണമേഖലയിൽ നിന്നും ഇതിനകം നിക്ഷേപിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 12,000-ൽപ്പരം സഹകരണസ്ഥാപനങ്ങളുടെ ഇപ്പോഴത്തെ നീക്കിയിരുപ്പ് തുക കണക്കാക്കിയിട്ടില്ല.

(ബി) സഹകരണമേഖലയിലെ മിച്ചധനം സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ നടപടി എടുത്തുവരുന്നു.

(സി) ഇപ്പോൾ 850.20 കോടി രൂപാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ

98 (938) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly